# കൊണ്ടുനടക്കാവുന്ന നെല്ലുകുത്ത് യന്ത്രമെത്തി

Mathrubhumi 31.12.17

## സബ്സിഡി 100 ശതമാനം

**തൃശ്ശൂർ ▸** വീട്ടിൽത്തന്നെ പ്രവർത്തിപ്പിക്കാവുന്ന ചെറിയ നെല്ലുകുത്ത് യന്ത്രമെത്തി. കണ്ണൂർ മയ്യിൽ നെല്ലുത്പാദക കമ്പനി എന്ന കർഷക കൂട്ടായ്മയാണ് യന്ത്രം കേരള വിപണിയിൽ എത്തിക്കുന്നത്.

മണിക്കൂറിൽ 150 കിലോഗ്രാം നെല്ലുകുത്താം. ഒരു മണിക്കൂറിന് ഒരു യൂണിറ്റ് വൈദ്യുതി മതി. ഒരു കിലോഗ്രാം കുത്താൻ ഏതാണ്ട് 22 പൈസയാണ് ചെലവ്. വൻകിട മില്ലിൽ ഈടാക്കുന്നതിന്റെ പത്തിലൊന്ന് ചെലവുമതി. 39,999 രൂപയാണ് വില. പാടശേഖര സമിതി വാങ്ങിയാൽ കൃഷിവകുപ്പ് 100 ശതമാനം സബ്സിഡി നൽകുന്നുണ്ട്.



▶ നെല്ലുകുത്ത് യന്ത്രം

നെല്ലുകുത്തുകയും ഒപ്പം അരി പൊടിക്കുകയും ഒരുമിച്ചു ചെയ്യുന്ന ചെറുയന്ത്രവും ഉണ്ട്. ഇതും കേരള വിപണിയിൽ എത്തിക്കുന്നത് മയ്യിൽ നെല്ലുത്പാദക കമ്പനിയാണ്. 62,000 ആണ് ഇതിന്റെ വില .

കർണ്ണാടകത്തിലെ ഷിമോഗയിലെ മാരുതി എൻജിനീയറിങ് വർക്ക്സ് എന്ന കമ്പനിയാണ് യന്ത്രം നിർമിക്കുന്നത്. ഇതിന്റെ കേരളത്തിലെ മൊത്തം വില്പന അവകാശമാണ് മയ്യിൽ കൂട്ടായ്മ വാങ്ങിയിരിക്കുന്നത്.

സ്റ്റെയിൻലസ് സ്റ്റീലിൽ നിർമിക്കുന്ന എണ്ണ ആട്ടുന്ന ലഘു യന്ത്രവും പണിപ്പുരയിലാണ്. മേശപ്പുറത്തു വെക്കാവുന്ന തരത്തിലുള്ള യന്ത്രമാണിത്. തേങ്ങയും എള്ളും സൂര്യകാന്തിക്കുരുവും ആട്ടിയെടുക്കാം. ഒരു കിലോഗ്രാമിൽനിന്ന് 700 ഗ്രാം എണ്ണ കിട്ടുമെന്നതാണ് സവിശേഷത. ഈ യന്ത്രം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചെന്നും ഉടൻ വിപണിയിലെത്തിക്കുമെന്നും മയ്യിൽ നെല്ലുത്പാദക കമ്പനി എം.ഡി. ടി.കെ. ബാലകൃഷ്ണൻ പറഞ്ഞു.

## വൈഗ ഇന്ന് സമാപിക്കും

**തൃശ്ശൂർ ▸** വൈഗ അന്തർദേശീയ ശില്പശാലയും പ്രദർശനവും ഞായറാഴ്ച വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ സമാപിക്കും.

നാലു വേദികളിലായി തെങ്ങ്, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച് മൂല്യവർധിത ശില്പശാലകളാണ് നടന്നത്. നൂതന കൃഷിസാധ്യതകൾ കൃഷിക്കാരിലും ജനങ്ങളിലുമെത്തിക്കാൻ നടത്തിയ ശില്പശാലയിൽ നിരവധി പേർ പങ്കെടുത്തു.

സമാപനസമ്മേളനം കാർഷികസർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ മൂന്നിന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിക്കും. മന്ത്രി എ.സി. മൊയ്തീൻ പുരസ്കാരവിതരണം നിർവഹിക്കും.